**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6360** **20-03-2023 - ൽ മറുപടിയ്ക്ക്**

**ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നത് സംബന്ധിച്ച് പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ഷാഫി പറമ്പിൽ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രൈബൽ സെറ്റിൽമെന്റുകളിൽ നിന്നും ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് മുൻപ് സ്വാഭാവിക ആവാസ വ്യവസ്ഥയിൽ ഉണ്ടാകുന്ന മാറ്റം പ്രസ്തുത കുടുംബങ്ങളുടെ ജീവിതചര്യയെ എപ്രകാരം ബാധിക്കും എന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്താറുണ്ടോ; വ്യക്തമാക്കുമോ; | (എ) | **വയനാട് ജില്ലയിൽ വനം വന്യജീവി വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഇപ്രകാരം എത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ സെറ്റിൽമെന്റുകളിൽ നിന്നുള്ള പുനരധിവാസം സംബന്ധിച്ചാണ് പഠനം നടത്തിയതെന്നും പ്രസ്തുത പഠനങ്ങളിലെ കണ്ടെത്തലുകൾ എന്തായിരുന്നുവെന്നും അറിയിക്കാമോ; | (ബി) | **വയനാട് ജില്ലയിൽ വനം വകുപ്പ് മുഖേന നടത്തുന്ന സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിയെ വിലയിരുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ആഭ്യന്തര പരിശോധനാ വിഭാഗം റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുനരധിവാസ പദ്ധതിയുടെ പരിണിതഫലത്തെക്കുറിച്ച് പഠനം നടത്തുന്നത് ഉൾപ്പടെയുള്ള ശുപാർശകളിന്മേൽ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു.** |
| (സി) | പ്രസ്തുത കണ്ടെത്തലുകൾക്ക് അനുസൃതമായി പുനരധിവാസ പദ്ധതിയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | (സി) | **2012 മുതൽ വനം വന്യജീവി വകുപ്പ് നടപ്പിലാക്കുന്ന ടി പദ്ധതിയിൽ നിലവിൽ മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല.** |

സെക്ഷൻ ഓഫീസർ